ഉത്തരം

(എ) 24-9-1980-ൽ.

(ബി)

	നീക്കിവെച്ച തുക		ചെലവഴിച്ചതുക
1981-82	23.00	ലക്ഷം	40.28
1982-83	42.70	,,	53.02
1983-84	39.20	,,	51.56
1984-85	39.20	,,	32.95

(സി) അടുത്ത മൂന്നു വർഷത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഉദ്ദേശം 400 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു)

II. അടിയന്തിരപ്രമേയം

നാളികേരത്തിന്റെ വിലയിടിവുമൂലം ഉണ്ടായ ഗുരുതരാവസ്ഥ

മി. സ്പീക്കർ: നാളികേരത്തിന്റെ കുത്തനെയുള്ള വിലയിടിവു കാരണം നാളികേരത്തിന്റെ സംഭരണം, കൊപ്രയുടെ
9.30 A.M. ഉൽപ്പാദനം, വിപണനം, കൊപ്ര ആട്ടൽ തുടങ്ങിയ നാളികേര ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളെ ആകെ സ്തംഭിച്ചിരിക്കുന്നതിൽനിന്നും ഉളവായ ഗുരുതരാവസ്ഥയെപ്പറ്റി ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികളും നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ ഇ. കെ. നായനാർ, കെ. പി. പ്രഭാകരൻ, എ. സി. ഷൺമുഖദാസ്, ബേബിജോൺ, കെ. ചന്ദ്രശേഖരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നാളികേര കർഷകരെ സംബന്ധിച്ചിടത്തോളം വളരെ ഉൽക്കണ്ഠ ഉണ്ടാക്കുന്ന ഒന്നാണ് ഇന്ന് കമ്പോളത്തിൽ നടക്കുന്നത് എന്നുള്ളതു സത്യമാണ്. വില കുറഞ്ഞു തുടങ്ങിയ അവസരത്തിൽതന്നെ ഇതിനു പരിഹാരം ഉണ്ടാക്കാൻവേണ്ടിയാണ് ഗവൺമെന്റ് ചില നടപടികളും സ്വീകരിച്ചത്. അതായത് കർഷകർക്ക് ഏറ്റവും ചുരുങ്ങിയത് 1200 രൂപയെങ്കിലും കൊപ്രായ്ക്ക് വില കിട്ടണം എന്നുള്ള അടിസ്ഥാനത്തിൽ ഗവൺമെന്റ് ഇതിനു ബന്ധപ്പെട്ട ആളുകളെ ഉൾപ്പെടുത്തി ഒരു കോൺഫറൻസ് വിളിച്ചു കൂട്ടി സംസാരിച്ചതിൽനിന്നും, കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ നാളികേരം വാങ്ങാൻ തയ്യാറാണെന്നും അതുകൊണ്ട് അതിനാവശ്യമായ സൗകര്യങ്ങളും സംവിധാനങ്ങളും ഉണ്ടാക്കിയാൽ മതിയെന്നും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷനെ കൊപ്ര വാങ്ങിക്കാൻ ഏൽപ്പിച്ചു. എന്നാൽ നമ്മൾ പ്രതീക്ഷിച്ചതുപോലെ കൊപ്രയുടെ വില വർദ്ധിക്കാൻ ഇടയായില്ല. ചില കേന്ദ്രങ്ങളിലെങ്കിലും വില കുറയുന്നതായിട്ടുള്ള റിപ്പോർട്ടുണ്ട്. ഇങ്ങനെ വില കുറച്ചുകൊണ്ടു വരുന്നതിന് ചില കേന്ദ്രങ്ങളിൽനിന്നും സംഘടിതമായ ഒരു ശ്രമംതന്നെ നടക്കുന്നുണ്ട്. അതുകൊണ്ടുതന്നെ നാളികേര

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് പൊതുവേ ഈ വർഷം വിലയിടിവുണ്ടായിട്ടുള്ളത്. ഇതില്ലാതാ
ക്കാൻ രണ്ടു മാർഗ്ഗങ്ങളാണുള്ളത്. ഒന്ന് ശാശ്വതമായ ഒരു സംവിധാന
മുണ്ടാക്കണം. കരിമ്പ്, ചണം തുടങ്ങിയ ഉൽപ്പന്നങ്ങൾക്ക് ഒരു
മിനിമം പ്രൈസ് ഫിക്സേഷൻ നടത്തിയതുപോലെ ഇതിനും ആവശ്യ
മാണ്. ഈ കാര്യം സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റിന്റെ
ശ്രദ്ധയിൽപ്പെടുത്തി. അതിന്റെ ചില നടപടികളും നടന്നു
വരുന്നു. ഇതിന് കാലതാമസം ഉണ്ടാകുന്നു എന്നുള്ള പരാതി ഈ അടു
ത്തകാലത്ത് കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.
അതിനിടയിൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ കൊപ്ര
വാങ്ങിക്കാൻ കമ്പോളത്തിൽ വരികയും അവരുടേതായ 70 സെൻറുകളിൽ
കൂടി ഇതിനകം 11,000 ടൺ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. ഈ 11,000
ടൺ വാങ്ങുന്നതിന് ഏതാണ്ട് 14 കോടി രൂപയോളം അവർ ഇതിനകം
ചെലവാക്കിക്കഴിഞ്ഞു. പണത്തിന്റെ കുറവുകൊണ്ട് കാര്യങ്ങൾ നീങ്ങാ
തിരിക്കരുത് എന്നുള്ളതുകൊണ്ട് ഇൻഡ്യാഗവൺമെന്റിനെ സമീപിച്ചു.
ഇൻഡ്യാ ഗവൺമെന്റ് റിസർവ്വ് ബാങ്കിന് ഡയറക്ഷൻ കൊടുത്തു.
സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും മറ്റ് ദേശവൽകൃതബാങ്കുക
ളെയും സംയോജിപ്പിച്ചുകൊണ്ട് 15 കോടി രൂപവരെ അവർക്ക് കൊടു
ക്കുന്നതിനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും
ശരി സാധാരണ കർഷകന് ബുദ്ധിമുട്ട് കുറഞ്ഞിട്ടില്ല. ഇന്ന് കൊപ്ര
യായിട്ടു മാത്രമേ പർച്ചേസ് ചെയ്യാൻ കഴിയുന്നുള്ളു. കാരണം നാളി
കേരത്തിനു വില നിശ്ചയിക്കുമ്പോഴും ഓരോ സ്ഥലത്തും ഓരോ തര
ത്തിലുള്ള നാളികേരമായതിനാൽ ബുദ്ധിമുട്ടുണ്ടാകും. ആ ബുദ്ധിമു
ട്ടുള്ളതുകൊണ്ടാണ് ടൺ കണക്കിനു വാങ്ങിക്കാം എന്നു തീരുമാനിച്ചത്.
എങ്കിലും അതിന്റെ ഏജൻസി പോരാ എന്നുള്ള പരാതി അവർക്കുണ്ട്.
ആ പരാതി അടിസ്ഥാനമില്ലാത്തതാണ് എന്നു ഗവൺമെന്റ് കരുതു
ന്നില്ല. അതുകൊണ്ട് കുറച്ചുകൂടെ വിപുലമായ തോതിൽ സംഭരിക്കാനുള്ള
സംവിധാനം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ്
ബാങ്കിന്റെ ചെയർമാനും ബന്ധപ്പെട്ടവരുമായിട്ട് ഞാൻ പ്രാഥമിക ചർച്ച
നടത്തിയിട്ടുള്ളത്. ഈ അടുത്ത ദിവസംതന്നെ ബന്ധപ്പെട്ട ആളുകളു
മായി ഇതിനൊരു കോൺഫറൻസും കൂടി കഴിയുന്നതും ഗ്രാമപ്രദേശ
ങ്ങളിലുള്ള പ്രൈമറി സൊസൈറ്റികളും മുഖേന വാങ്ങിക്കാനുള്ള
ക്രമീകരണങ്ങൾ ചെയ്തെങ്കിൽ മാത്രമേ സാധാരണ കർഷകന് ആശ്വാസം
കിട്ടുകയുള്ളു എന്നാണ് കഴിഞ്ഞകാല പ്രവർത്തനങ്ങളിൽനിന്നും
ഞങ്ങൾക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഒരു കാര്യം വ്യക്തമായി
പറയുന്നു, ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ നാളികേരകർഷകന്
പിൻതുണ നൽകേണ്ടത് കേരളത്തിന്റെതന്നെ സാമ്പത്തികമായ നിലനിൽ
പ്പിന് അനുപേക്ഷണീയമായ ഒന്നാണ്. കേരളത്തിന്റെ ജീവനാഡി കർഷക
നാണ്. അതുകൊണ്ട് അവരെ സഹായിക്കുന്നതിന് ആവശ്യമായ എല്ലാ
നടപടിയും സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാണ്. ഈ പ്രാഥ
മിക സഹകരണസംഘങ്ങളും മുഖേന വാങ്ങിക്കുന്നതിനുള്ള നടപടികളും
പൂർത്തിയാകുമ്പോഴും കർഷകന് കുറെക്കൂടി ആശ്വാസം കിട്ടും എന്നാണ്
പ്രതീക്ഷിക്കുന്നത്. പക്ഷേ അതിലുപരിയായി ചില കാര്യങ്ങളും ചെയ്യാ
നുണ്ട്. വാങ്ങിച്ചുവെച്ചിരിക്കുന്ന കൊപ്ര ആട്ടി വെളിച്ചെണ്ണയാക്കി നാളി
കേര കോർപ്പറേഷൻ മുഖേന കമ്പോളത്തിൽ കൊടുക്കേണ്ടിയിരിക്കുന്നു.
സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം വിതരണം ചെയ്യുന്നതിനും
ചില ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും നാട്ടുമ്പു
റത്തെ കർഷകന് ഒരു ആത്മവിശ്വാസം ഉണ്ടാക്കുന്നതിനുവേണ്ടി പ്രാഥമി
കസഹകരണസംഘങ്ങളിൽക്കൂടി വാങ്ങിക്കുന്നതിനുള്ള ഏർപ്പാടുചെയ്യുന്ന

LIBRARY ARCHIVES Kerala Legislative Assembly

തായിരിക്കും. ഇതിന് സഭാനടപടികളും നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല. ഒരു പ്രധാന കാര്യമാണിത് എന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ലായെന്ന് ഒന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: സർ, ഒരു പ്രധാന കാര്യമാണെന്ന് സമ്മതിച്ചതുതന്നെ നന്നായി. താങ്ങുവില നിശ്ചയിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊച്ചിയിൽവച്ച് കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഈ അഭ്യർത്ഥന സ്ഥിരമായി നടക്കുന്നുണ്ട്. വില സ്ഥിരമായി താഴ്ന്നുകൊണ്ടിരിക്കുന്നു. അതാണ് സ്ഥിതി. ഇവിടെത്തന്നെ സംഭരണസമയത്ത് വിപണനകോർപ്പറേഷൻ സംസ്ഥാന വിപണന ഫെഡറേഷൻ മുഖേന എടുക്കാനാണ് നിശ്ചയിച്ചത്. ഞാൻ ഇതിനിടെ കണ്ണൂർ ജില്ലയിൽ പോയപ്പോൾ അവിടത്തെ ഒരു സഹകരണസംഘം അഞ്ചുലക്ഷത്തിൽപ്പരം രൂപയുടെ തേങ്ങ വാങ്ങിവച്ചിരിക്കുന്നു. ആരും കൊണ്ടുപോകാനുമില്ല. അവിടെ കിടക്കുകയാണ്. മയ്യിൽ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന സഹകരണസംഘം ആഭ്യം എനിക്കുതന്ന മെമ്മോറാണ്ടം അതാണ്. ഇപ്പോൾ തേങ്ങയ്ക്ക് വിലയില്ല. ഞാൻ വരുന്നവഴിയിൽ നമ്മുടെ ശ്രീ. തച്ചടി പ്രഭാകരന്റെ മാതിരിതന്നെ മറെറാരു പ്രമുഖനായ ശ്രീ. ആര്യാടൻ മുഹമ്മദിനെക്കണ്ടു. അദ്ദേഹം പറഞ്ഞത് എന്ത് ചെയ്യാനാണ്, ഇവിടെനിന്നും തേങ്ങ വാങ്ങിക്കാൻ കാശില്ലായെന്നാണ്. ഞാൻ അന്വേഷിച്ചപ്പോൾ തമിഴ്നാട്ടിൽനിന്നും കോയമ്പത്തൂരിൽ നിന്നുംവരുന്ന ചിലരൊക്കെ വാങ്ങുന്നുണ്ട് എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. കാരണം തേങ്ങ കുറഞ്ഞവിലക്ക് കിട്ടുന്നുവെന്നതാണ്. ഞാൻ ഇതിനുമുമ്പ് ഇവിടെ ഉന്നയിച്ചതാണ്; പെരുമ്പാവൂർ, ചേർത്തല ഭാഗത്തൊക്കെ ഇങ്ങനെ നടക്കുന്നുണ്ടെന്നുള്ള വിവരം. ആ തരത്തിൽ രഹസ്യമായിട്ട് ചുരുങ്ങിയ വിലയ്ക്ക് ഇവിടെനിന്നും തേങ്ങ വാങ്ങുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് തേങ്ങയ്ക്കു 1500 രൂപവരെ വില നൽകുന്നതിനുവേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട് എന്നാണ്. ഈ ഫ്ളോറിൽനിന്നും ജൂലൈ 12-ാം തീയതി മുഖ്യമന്ത്രി പ്രസംഗിച്ചത് ജൂലൈ 13-ാം തീയതിയിലെ കേരള കൗമുദി പബ്ലിഷ് ചെയ്തിട്ടുണ്ട്. ഇവിടെ ഉറപ്പു നൽകുന്നതിനു യാതൊരു ക്ഷാമവുമില്ല. ആഴ്ചതോറും ഉറപ്പു തരുന്നുണ്ട്. അതുപോലെതന്നെ ജൂലൈ 13-ാം തീയതിയിലെ മാതൃഭൂമിയിൽ മുഖ്യൻ പറയുന്നത് നാളികേരത്തിന് താങ്ങുവില ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിൽ എന്നാണ്. അന്നുതന്നെ ലോക്സഭയിൽ ശ്രീ. ഭൂട്ടാസിംഗ് പറഞ്ഞത് നാളികേരത്തിന് താങ്ങുവില ഏർപ്പെടുത്താൻ സാദ്ധ്യമല്ലാ എന്നാണ്. മുഖ്യമന്ത്രി ഇവിടെ പ്രസംഗിച്ച അന്നുതന്നെ ശ്രീ. ഭൂട്ടാസിംഗ് ലോക്സഭയിൽ പ്രസംഗിച്ചതാണ് അതു സാദ്ധ്യമല്ലായെന്ന്. കേന്ദ്രമന്ത്രി പറഞ്ഞതിനെപ്പററി ഇതുവരെ നിഷേധിച്ചിട്ടില്ല. ഫിലിപ്പൈൻസിൽ നിന്നുമുള്ള 20 ലക്ഷം ടൺ കൊപ്രായുടെ ഇറക്കുമതി എടുത്തുകളയുന്നതിന് ഞാൻ അന്നുതന്നെ പറഞ്ഞതാണ്. സാദ്ധ്യമല്ലായെന്നാണ് മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. മുഖ്യമന്ത്രി താങ്ങുവില നിശ്ചയിക്കും എന്ന് പറഞ്ഞ ദിവസം ലോക്സഭയിൽ ശ്രീ. ഭൂട്ടാസിംഗ് പറഞ്ഞു സാദ്ധ്യമല്ലായെന്ന്. എന്നിട്ട് മുഖ്യമന്ത്രി മിനിഞ്ഞാന്നും പ്രസംഗിച്ചു ഞാൻ കേന്ദ്രത്തോടു പറയുന്നതാണെന്ന്. 10 സെൻറ് ഭൂമിയിൽ കുടികിടപ്പും ഭൂപരിഷ്കരണവും വന്നതിനുശേഷവും 60 ലക്ഷത്തിൽപ്പരം കുടുംബങ്ങൾ ഇന്നും തെങ്ങുമായി ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. അഞ്ചും പത്തും തേങ്ങയെങ്കിലും ഒരു പറമ്പിൽ ഉണ്ടാകും. ആ തെങ്ങിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്നും 10 തേങ്ങ പറിച്ച് വിറ്റ് അതിൽനിന്നും കിട്ടുന്ന പൈസകൊണ്ട് അരിയും മറ്റു സാധനങ്ങളും വാങ്ങി ജീവിക്കുന്ന ജനങ്ങളാണ് ഇവിടെയുള്ളത്. നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലമായ ഒണലൂരിലും ശ്രീമതി ഗൗരിയുടെ നിയോജകമണ്ഡലത്തിലും മുഴുവൻ തെങ്ങാണ്. പക്ഷേ അതിന്റെ ചീയൽ മാത്രമല്ല, ഉള്ള തേങ്ങയ്ക്ക് തന്നെ വിലയിടിവാണ്. നാളികേരത്തിന് ഇപ്പോഴും വിലയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിയോജകമണ്ഡലമായ മാളയിലും തെങ്ങില്ലേ? തെങ്ങുകൃഷിക്കാർക്ക് രക്ഷയില്ലാത്ത ഒരു സാഹചര്യം വരുമ്പോൾ അതിനെക്കുറിച്ച് ശ്രദ്ധിക്കണം. കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷിക-സാമ്പത്തിക ഘടന അതിന്റെ നട്ടെല്ലാണ് റബ്ബർ, തെങ്ങ്, കുരുമുളക്, കവുങ്ങ് തുടങ്ങിയവ. ഇതിനൊക്കെ വിലയിടിഞ്ഞാൽ കർഷകരും തകരും, ഇവിടെയാണെങ്കിൽ കടലോരപ്രദേശങ്ങളും മുഴുവനും അതുപോലെതന്നെ കോഴിക്കോട് ജില്ലയിലെ മലമ്പ്രദേശങ്ങളും മുഴുവനും തകർന്നു കിടക്കുന്ന ഈ സ്ഥിതിയിൽ ഇറക്കുമതി കുറയ്ക്കാനും അതുപോലെ വില നിയന്ത്രിക്കാനും താങ്ങുവില നിശ്ചയിക്കാനും കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താതെ അതിനു മുമ്പിൽ മുട്ടുമടക്കിക്കൊണ്ട് ശ്രീ. ഭൂട്ടാസിംഗ് പറഞ്ഞതിനെതിരായി ഒരു പ്രൊട്ടസ്റ്റുപോലും ഇവിടെ നടന്നില്ല. ഒരു പ്രതിഷേധംപോലും ഇവിടെനിന്നു വന്നില്ല. എന്നിട്ട് ബോംബെയിലെ ഇറക്കുമതിക്ക് കേരളത്തിൽ തടയാൻ അധികാരമുണ്ടോ? ആ രൂപത്തിൽ ഞാൻ പറയുന്നു, ഈ വില വർദ്ധനവിനെ സംബന്ധിച്ചിടത്തോളം വിലവർദ്ധനവ് കാർഷിക സാമ്പത്തിക വ്യവസ്ഥയെ തകർച്ചയിലേക്ക് എത്തിച്ചിട്ട് നമ്മുടെ കേരളത്തിൽ ഇപ്പോഴും തേങ്ങയ്ക്ക് വില കുറഞ്ഞുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഇതൊരു ഗൗരവമായ വിഷയമായി എടുത്തുകൊണ്ട് ചർച്ചചെയ്യണം. അങ്ങനെ ചർച്ച ചെയ്യാത്ത സാഹചര്യം തീർച്ചയായും തെറ്റാണ്. അതുകൊണ്ട് ഇന്ന് മുഴുവൻ ദിവസവും ഇതായിരിക്കണം ചർച്ചാവിഷയം. വിലനിയന്ത്രിക്കാൻ കേന്ദ്രത്തോട് പറയണം. ബഹുമാനപ്പെട്ട പ്രധാനമന്ത്രി വരുന്നുണ്ട്, നമുക്കെല്ലാം യോജിച്ച് പറയാം, തേങ്ങയ്ക്ക് വില കൂട്ടേണ്ടതാണ് എന്ന്. അല്ലാതെ ഞങ്ങൾക്ക് കേരളത്തിൽ ജീവിക്കാൻ സാദ്ധ്യമല്ല. ഈയൊരു ഘട്ടത്തിൽ ഇതൊരു ഗൗരവമുള്ള വിഷയമായി എടുത്ത് സഭ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാണ് ഞങ്ങളുടെ അഭിപ്രായം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, നാളികേര കർഷകന് ആശ്വാസം നൽകണമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രസംഗം കേട്ടപ്പോൾ, പ്രധാനമന്ത്രി വരുന്നുണ്ട്, ഇന്ന് നമുക്കൊരു അടിയന്തിര പ്രമേയത്തിൽക്കൂടി ഈ ദിവസം മുഴുവനും ചർച്ച ചെയ്താൽ.....

(ബഹളം)

അതുകൊണ്ട് എന്തെങ്കിലും ഒരു പ്രത്യേകത ഉണ്ടാകുമെന്നുള്ള അഭിപ്രായം ഗവൺമെന്റിനില്ല.....

(ബഹളം)

ഇത് അഭിപ്രായവ്യത്യാസമുള്ള സംഗതിയല്ല. നാളികേര കർഷകന്റെ കാര്യത്തിൽ അതല്ല സമീപനമെന്ന് ഞാൻ എടുത്തു പറഞ്ഞു. നമ്മളെ സംബന്ധിച്ചിടത്തോളം വളരെ ഉത്കണ്ഠയുള്ള സംഗതിയാണ്. പക്ഷേ ഇവിടെ പറഞ്ഞ കാര്യം പാർലമെന്റിൽ ശ്രീ. ഭൂട്ടാസിംഗ് പറഞ്ഞതിനു ശേഷം കേരളത്തിലെ പാർലമെന്റ് അംഗങ്ങൾ കണ്ട് സംസാരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹം പറഞ്ഞത് തിരുത്തിയിട്ടുണ്ട്. എന്നു മാത്രമല്ല, കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ട് അതിന്റെ പ്രൈസ് ഫിക്സ് ചെയ്യുന്നതിന് ഒരു സംവിധാനം ഉണ്ടാക്കി. അതിന് അഗ്രികൾച്ചറൽ പ്രൈസ് ഫിക്സേഷൻ കമ്മീഷനുണ്ട്. അത് കഴിഞ്ഞാൽ അൻപതു ശതമാനം അവർ തരും. അങ്ങനെയാണ് അവരിൽനിന്നു കിട്ടിയ ഇൻഫർമേഷൻ. നാളികേരത്തെ സംബന്ധിച്ചിടത്തോളം കേന്ദ്രഗവൺമെന്റ് തന്നാലും ഇല്ലെങ്കിലും കേരളത്തിലെ നാളികേര കർഷകരെ രക്ഷിക്കാൻ സംസ്ഥാനഗവൺമെന്റ് ആവശ്യമായ നടപടികൾ സ്വീകരിക്കും. 1200 രൂപയ്ക്ക് വാങ്ങിയിരുന്നത് ഇന്ന് 1210 രൂപയ്ക്ക് ആണ് വാങ്ങുന്നത്. അതുകൊണ്ട് ഈ സ്റ്റേറ്റിന്റെ ഏത് ഭാഗത്തുനിന്നും വാങ്ങാനുള്ള സംവിധാനമാണ് ഉണ്ടാക്കാൻ പറഞ്ഞിട്ടുള്ളത്. സംസ്ഥാനസഹകരണബാങ്കിന്റെ ചെയർമാനുമായി സംസാരിച്ച് പ്രാഥമിക സംഘങ്ങൾവഴി തന്നെ വാങ്ങിച്ച് കേരളത്തിലെ നാളികേരകർഷകനെ ആശ്വസിപ്പിക്കാൻ ചെയ്യാവുന്ന പരമാവധി കാര്യങ്ങൾ ഗവൺമെന്റ് ചെയ്തുവരുന്നുണ്ട്. ഇനിയും അതനുസരിച്ച് ചെയ്യാൻ തയ്യാറുമാണ്. ആ സാഹചര്യത്തിൽ ഇത് ഒരു പ്രത്യേകതയായി കണക്കാക്കി അടിയന്തിരപ്രമേയമായി ചർച്ച ചെയ്യേണ്ട കാര്യമില്ല.....

(ബഹളം)

ശ്രീ. ഇ. കെ. നായനാർ: 1200 രൂപ എന്നു പറയുന്നത് ശരിയല്ല. അത് സത്യവിരുദ്ധമാണ്, അതുകൊണ്ട് മുഴുവൻ സമയവും ചർച്ച ചെയ്യണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുകയാണ്.

ശ്രീ. ഇ. കെ. നായനാർ: ഞങ്ങൾ ഇതിനെ പ്രൊട്ടസ്റ്റ് ചെയ്ത് വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഇ. കെ. നായനാരും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി)

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഇത്രയും ഗൗരവമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ലാഘവബുദ്ധിയോടെ പറഞ്ഞു. ഇന്ന് കേരളത്തെ സംബന്ധിച്ചിടത്തോളം ഇതിലും പ്രധാനമായിട്ടൊരു കാര്യം ഈ സഭയിൽ ചർച്ച ചെയ്യേണ്ടതായിട്ടില്ലായെന്നാണ് എന്റെ അഭിപ്രായം. മുപ്പതു ലക്ഷത്തോളം വരുന്ന നാളികേര കർഷകരെ ബാധിക്കുന്ന കാര്യമാണ്. ഇത് ഇന്നും ഇന്നലെയും ഉണ്ടായതല്ല. മാർച്ച് മാസത്തിൽ അസംബ്ലി സമ്മേളനത്തിന്റെ അവസരത്തിൽത്തന്നെ മുഖ്യമന്ത്രി ഇതിനെക്കുറിച്ച് പറഞ്ഞതാണ്. രണ്ടായിരം രൂപയിൽ എത്തിയാൽ താങ്ങുവില ഏർപ്പെടുത്തിക്കൊണ്ട് കർഷകരെ സംരക്ഷിക്കാനായി നടപടി സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി ഈ സഭയിലും പുറത്തും പറഞ്ഞതാണ്. മാർച്ച് മാസം കൂടുതൽ ഉൽപ്പാദനമുള്ള മാസമാണ്. ഇന്ന് തമിഴ്നാട്ടിൽനിന്നും നാളികേരം വരുന്നുണ്ട്. ഇതൊക്കെ വില കുറയാൻ കാരണമായിത്തീരുന്നു. ആ സീസൺ കഴിഞ്ഞാൽ ഈ വിലക്കുറവ് മാറുമെന്നു പറഞ്ഞു. ഏറ്റവും ഉൽപ്പാദനം കുറഞ്ഞ മാസങ്ങളായ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽപോലും പിന്നെയും വില താഴോട്ട് ആണ് പോയത്. അതിന് പ്രതിവിധിയായിട്ട് ബഹുമാനപ്പെട്ട മന്ത്രി മിനിഞ്ഞാന്ന് കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

യിൽ പ്രസംഗിച്ചപ്പോഴും പറഞ്ഞു, താങ്ങുവില ഏർപ്പെടുത്തുമെന്ന്. ഇവിടെ പറയുന്നത്, ഗവൺമെൻറ് ഇപ്പോഴും മാർക്കറ്റിംഗ് ഫെഡറേഷൻ മുഖേനയും പ്രാഥമിക സൊസൈറ്റികൾ മുഖേനയും വാങ്ങിക്കാൻ ഉള്ള ഏർപ്പാടു ചെയ്യുമെന്നാണ്. ഇതിനുള്ള സംവിധാനം ഒട്ടും അപര്യാപ്തമല്ല. ബോർഡിന്റെ ചെയർമാൻ കേരളത്തിലെ കാർഷിക രംഗവുമായി ഏറ്റവും അധികം ബന്ധമുള്ള ശ്രീ എൻ. ഐ. ദേവസ്സിക്കുട്ടിയാണ്. അദ്ദേഹം കഴിഞ്ഞ ആഴ്ചയിൽ പുറപ്പെടുവിച്ച പ്രസ്താവനയിൽ ഈ സ്ഥിതികളെല്ലാം പഠിച്ചതിനുശേഷം, ഏറ്റവും ഉൽപ്പാദനമുള്ള സീസണെക്കുറിച്ചും ഉൽപ്പാദനം കുറഞ്ഞ സീസണെക്കുറിച്ചും പഠിച്ചതിനുശേഷം, നാളികേരബോർഡിന്റെ ആധികാരികമായിട്ടുള്ള ചെയർമാനെന്നുള്ള നിലയിൽ അദ്ദേഹം പറഞ്ഞത്, ഏറ്റവും ഉൽപ്പാദനമുള്ള മാസങ്ങളിൽ പോലും 45,000 ടൺ കൊപ്ര മാർക്കറ്റിൽ വന്നപ്പോഴും വെറും 5,000 ടൺ കൊപ്ര മാത്രമാണ് മാർക്കറ്റിങ്ങ് ഫെഡറേഷന് എടുക്കാൻ സാധിച്ചത്. അങ്ങനെ എടുത്തതിനെക്കുറിച്ചുതന്നെ പല ആരോപണങ്ങളും വന്നു. അത് കേരളത്തിലെ കൊപ്രയല്ല, തമിഴ്നാട്ടിൽനിന്നുവരുന്ന കൊപ്രയിൽ എണ്ണയുടെ കണ്ടൻറ് കുറവാണെന്നൊക്കെ. കണ്ടൻറ് കുറവുള്ള തമിഴ്നാട്ടിലെ കൊപ്ര 900 രൂപയ്ക്കും 1000 രൂപയ്ക്കും വാങ്ങിയിട്ട് മാർക്കറ്റിംഗ് ഫെഡറേഷന്റെ തലയിൽ 1200 രൂപയ്ക്ക് വച്ച് കെട്ടുകയാണ്. അപ്പോഴും 5,000 ടൺ പോലും കേരളത്തിലെ കർഷകന്റെ കൊപ്രയല്ല എടുത്തത്. ഈ സംവിധാനം കൊണ്ട് വില പിടിച്ചു നിർത്താൻ കഴിയില്ലെന്നുമാത്രമല്ല, ഇപ്പോൾ കൊപ്രയുടെ വില 900 രൂപയും 1000 രൂപയുമായി കുറഞ്ഞിരിക്കുകയാണ്. ഇതിന് പോംവഴി താങ്ങുവില മാത്രമാണ്.... അക്കാര്യം ഈ സഭയിൽ മുഖ്യമന്ത്രി പറയുന്നില്ല. എന്നാൽ പുറത്ത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി ഇന്നലെ പത്രത്തിലും മറ്റും ഫ്ളാഷ് ന്യൂസ് വന്നിരുന്നു. ഇത് കേന്ദ്രഗവൺമെൻറിന്റെ ആലോചനയിലും പരിഗണനയിലുമായിട്ട് മാസങ്ങൾ ആറു കഴിഞ്ഞു. ഇതൊരു ഗൗരവമായ പ്രശ്നമാണ്. ഈ സംവിധാനം കൊണ്ടെന്നും നാളികേരകർഷകരെ രക്ഷിക്കാൻ സാദ്ധ്യമല്ല. ഇപ്പോഴും വെളിച്ചെണ്ണ ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നു. യാതൊരു വീണ്ടുവിചാരവുമില്ലാതെ പത്തുശതമാനം ഇറക്കുമതി ചെയ്യാനുള്ള സ്വാതന്ത്ര്യത്തിന്റെ പേരിൽ ഇന്നും വെളിച്ചെണ്ണ നിർബാധമായി വരികയാണ്. വിദേശമാർക്കറ്റിൽ വെളിച്ചെണ്ണയുടെ വില കുറഞ്ഞിരിക്കുകയാണ്. കുറഞ്ഞവിലയ്ക്കാണ് വെളിച്ചെണ്ണ ഇവിടെ വരുന്നത്. ഇവിടത്തെ കുത്തകമുതലാളിമാരായ ടാറ്റായും ബിർളായും അവരുടെ സോപ്പുകമ്പനികൾക്കുവേണ്ടി...

(ബഹളം)

ഇത് തടയാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. ഇത് നാളികേര കർഷകരുമായി ഏറ്റവും ബന്ധമുള്ള, കേന്ദ്രഗവൺമെൻറ് നിയോഗിച്ചിട്ടുള്ള ബോർഡ് ചെയർമാൻ ശ്രീ. ദേവസ്സിക്കുട്ടി പറഞ്ഞ കാര്യമാണ്. ഈ സംവിധാനം കൊണ്ട് സാദ്ധ്യമല്ലായെന്നു മാത്രമല്ല, ഇറക്കുമതി ഇപ്പോഴും നിർബാധം തുടരുകയാണ്. ആ ഇറക്കുമതി തടയാൻപോലും മുഖ്യമന്ത്രിക്ക് കഴിഞ്ഞിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ശ്രീ. ദേവസ്സിക്കുട്ടി അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ഇന്നും വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു. അത് തടയുകയെന്നുള്ളതാണ് പ്രധാനമായ കാര്യം. താങ്ങുവില നിശ്ചയിക്കാത്തിടത്തോളംകാലം നാളികേരകർഷകന് രക്ഷയൊന്നു

LIBRARY ARCHIVES Kerala Legislative Assembly

മില്ല. ഇതിലും വലിയൊരു കാര്യം കേരളത്തിലില്ല. കേരളത്തിന്റെ ഒട്ടാകെയുള്ള സാമ്പത്തിക സ്ഥിതി ഇപ്പോഴും തകർന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ ഇത്ര ലാഘവബുദ്ധിയോടുകൂടി ഇത് ചർച്ച ചെയ്യാൻ അനുമതി നൽകാത്ത മുഖ്യമന്ത്രിയുടെ നയത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും സഭവിട്ടിറങ്ങിപ്പോകുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കേരളത്തിന്റെ സാമ്പത്തികമായ നട്ടെല്ലാണ് ഒടിഞ്ഞിരിക്കുന്നത്. നട്ടെല്ലൊടിഞ്ഞാൽ നെറ്റിക്ക് മരുന്നിട്ടാൽ മാറുകയില്ല. നാളികേര കൃഷിക്കാരൻ സാമ്പത്തിക കെടുതിയിൽപ്പെട്ടാൽ കേരളം സാമ്പത്തിക കെടുതിയിൽപ്പെട്ടെന്നാണ്. നാളികേര കർഷകത്തൊഴിലാളിക്ക് ജോലിയില്ല. മാർക്കറ്റിൽ പണം വരുന്നില്ല. മലബാർ ഭാഗത്തെ കാര്യം എനിക്ക് പൂർണ്ണമായി അറിയാം. അവിടെ ജനജീവിതം സ്തംഭിച്ചിരിക്കുകയാണ്. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, കേന്ദ്രത്തിന്റെ ഇറക്കുമതി നയം. ഈ ഇറക്കുമതി നയത്തിൽ നാളികേരത്തിന്റെ വിലയിടിവ് ഇത്രയും രൂക്ഷമായതിന്റെ പേരിൽ എന്തെങ്കിലും മാറ്റം വരുമെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞോ? ഈ ഗവൺമെന്റ് പറഞ്ഞോ? സർ, ഇന്നും വ്യവസായാവശ്യത്തിനെന്ന പേരിൽ നമ്മളെ കളിപ്പിച്ചുകൊണ്ട് വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നു. ഈ സംസ്ഥാന ഗവൺമെന്റ്, ഇപ്പോഴും മുഖ്യമന്ത്രി പറഞ്ഞു, കേന്ദ്രം തന്നില്ലെങ്കിൽ താങ്ങുവില ആലോചിക്കാമെന്ന്. എന്തിന് കേന്ദ്രത്തെ കാത്തു നിൽക്കുന്നു? ആറുമാസക്കാലമായി വിലയിടിഞ്ഞിട്ടുണ്ട്. പല ഏർപ്പാടുകളും പറഞ്ഞു. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട ജോലി ഏറെടുത്തോ? ഞാൻ ഒരു കാര്യം പറയാം. നാളെ പ്രധാനമന്ത്രി വരുന്നു. അങ്ങയ്ക്ക് ഇക്കാര്യത്തിൽ താൽപ്പര്യമുണ്ടെങ്കിൽ, ആത്മാർത്ഥതയുണ്ടെങ്കിൽ ഈ അസംബ്ലിയിലെ എല്ലാ കക്ഷികളുടേയും ഒരു പ്രതിനിധി സംഘത്തെ ശ്രീ. രാജീവ് ഗാന്ധിയെ കാണാൻ അനുവദിക്കണം. ഡൽഹിയിൽ പോകാൻ ചെലവാണല്ലോ? ഡൽഹിയിൽ പോകണ്ട. ശ്രീ. രാജീവ് ഗാന്ധി ഇവിടെ വരുന്നുണ്ടല്ലോ. ഈ സംസ്ഥാനത്തെ നാളികേര കൃഷിക്കാരോട് ഈ ഗവൺമെന്റിന് താൽപ്പര്യമുണ്ടെങ്കിൽ, കേന്ദ്ര ഗവൺമെന്റ് അങ്ങ് പറയുന്നത് കേൾക്കുന്നില്ലായെന്ന അനുഭവമുള്ളതുകൊണ്ട് പ്രധാനമന്ത്രിയെ കാണാൻ, ഈ സംസ്ഥാനത്തിലെ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധി സംഘത്തിന് അങ്ങ് നേതൃത്വം കൊടുക്കുമോ? എനിക്കറിയാം അങ്ങ് കേന്ദ്രത്തെ താങ്ങുകയാണ്. അങ്ങയ്ക്ക് രാഷ്ട്രീയ ലക്ഷ്യത്തിന് അതാവശ്യമാണ്. അതിന് നാളികേര കൃഷിക്കാരന്റെ ജീവിതം കൊണ്ട് പന്താടിക്കൂടാ. മാർക്കറ്റിംഗ് ഫെഡറേഷൻ ഒന്നും ചെയ്തില്ല. ചെയ്തത് മുഴുവൻ അബദ്ധത്തിലാണ്. കേരളാ ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും നാളികേര കൃഷിക്കാരെ സംരക്ഷിക്കാനെന്നപേരിലാണ് കേന്ദ്ര നാളികേര ബോർഡും, നാളികേരം സംസ്കരിക്കാനുള്ള നാളികേര കോർപ്പറേഷനും ഉണ്ടാക്കിയത്. ഈ രണ്ടു സ്ഥാപനങ്ങളും കഴിഞ്ഞ ഒന്നുരണ്ടു കൊല്ലക്കാലമായി നാളികേര കർഷകർക്കുവേണ്ടി എന്തു ചെയ്തിട്ടുണ്ട്? ഒന്നും ചെയ്തിട്ടില്ല. കോർപ്പറേഷന് കൊപ്ര എടുക്കാൻ പണമില്ല. ഉണ്ടെന്നു പ്രത്യാശയാണ്. കൊപ്ര എടുക്കാറില്ല. ഞാൻ കോർപ്പറേഷന്റെ കാര്യമാണ് പറഞ്ഞത്. മാർക്കറ്റിംഗ് ഫെഡറേഷന്റെ കാര്യമല്ല. നാളികേര കോർപ്പറേഷന് പണമില്ല. കൊപ്ര എടുക്കാൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ നിസ്സംഗഭാവം കാണിക്കുന്നു. തേങ്ങ കർഷിയിലെ

LIBRARY ARCHIVES Kerala Legislative Assembly

മറ്റു ഘടക കക്ഷികളോട് ലാഘവ ബുദ്ധിയോടുകൂടി പെരുമാറുന്നതു പോലെ നാളികേര കൃഷിക്കാരോട് ലാഘവ ബുദ്ധിയോടെ പെരുമാറിയാൽ, ശ്രീ. കരുണാകരൻ ഞങ്ങളം വിടില്ല. ഈ സഭയെ സംബന്ധിച്ചിടത്തോളം അങ്ങ് കളിച്ചോളൂ. നാളികേര കൃഷിക്കാരനോട്, കേരളത്തിലെ കൃഷിക്കാരോട് കളിക്കരുത്. ഈ നിയമസഭ സമ്മേളിക്കുമ്പോഴം നാളികേര കൃഷിക്കാരനുവേണ്ടി നാലു മണിക്കൂർ നേരം മാറ്റി വയ്ക്കാൻ നിങ്ങൾക്ക് സമയമില്ലെങ്കിൽ പിന്നെ എന്തിനാണ് കേരളത്തിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത്? ഈ സഭ നിർത്തി വയ്ക്കണം. നിയമ നിർമ്മാണം മാറ്റി വച്ചതുകൊണ്ട് ഒരു കുഴപ്പവും സംഭവിക്കുകയില്ല. നമുക്ക് കൂട്ടായി ചർച്ച ചെയ്യാം. ഇതിന് പരിഹാരമാർഗ്ഗം കണ്ടെത്താൻ പ്രധാനമന്ത്രി വരുമ്പോഴം പ്രധാനമന്ത്രിയെ ഇക്കാര്യം അറിയിക്കാം. അതിനായി ഈ അവസരം വിനിയോഗിക്കണം. അതിന് അനുവദിക്കാത്തതിന്റെ അടിസ്ഥാനത്തിൽ ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. എ. സി. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. ബേബി ജോൺ: സർ, വളരെ നിർഭാഗ്യമായിപ്പോയി. സഭാ നേതാവ് കേരളത്തെ പൊതുവെ ബാധിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് ഒരു ചർച്ചയ്ക്കു സമയമനുവദിക്കുവാൻ തയ്യാറാകുമെന്നാണ് ഞാൻ പ്രതീക്ഷിച്ചത്. കാരണം ഇതിൽ പ്രത്യേക രാഷ്ട്രീയമൊന്നുമില്ല. നമ്മുടെ നാടിന്റെ സമ്പദ്ഘടനയെ ബാധിക്കുന്നതാണ്. നമ്മുടെ നാടിനെ ബാധിക്കുന്ന പ്രശ്നമാണ്. നമുക്കെല്ലാവർക്കും താൽപര്യമുള്ളതാണ്. എല്ലാവർക്കും കൂടി ഒരുമിച്ച് ആലോചിച്ച് അതിന് ഒരു പരിഹാരമാർഗ്ഗം ആലോചിക്കാമായിരുന്നു. പക്ഷേ അദ്ദേഹം മറ്റു രീതിയിലാണ് അതിനെ കണ്ടത്. ഇപ്പോഴം അദ്ദേഹം ഇവിടെ സൂചിപ്പിച്ച നടപടികളം എന്തുമാത്രം ഫലപ്രദമായിട്ടുണ്ടെന്നുള്ളതും പരിശോധിക്കുക. 1200 രൂപയ്ക്ക് കൊപ്രയെടുക്കുമെന്നു പറഞ്ഞിരുന്നു. ഈ സംസ്ഥാനത്ത് എവിടെയെങ്കിലും 1200 രൂപയ്ക്ക് കൊപ്ര എടുക്കുന്നതായിട്ട് അങ്ങയ്ക്കറിയാമോ? എങ്ങുമെടുക്കുന്നില്ലായെന്നുള്ളതാണ് നേര്. അങ്ങയുടെ അറിവ് അതായിരിക്കും. എന്റെ അറിവ് ഞാൻ പറഞ്ഞുതരാം. 1200 രൂപ പറഞ്ഞിട്ട് പല കിഴിവുകളും നടത്തി ഒടുവിൽ 1100 രൂപയിൽ കൂടുതൽ ഇതുവരെ നാളികേര കൃഷിക്കാരന് കിട്ടുന്നില്ലായെന്നുള്ളതാണ് സത്യം. അതാണ് ഞാൻ പറയുന്നത്. 1200 രൂപ പറയുന്നുണ്ട്. പക്ഷേ അത് വാങ്ങിക്കുന്നുണ്ടോ? അങ്ങ് പറഞ്ഞ കണക്കനുസരിച്ചുതന്നെ പതിനാറായിരമോ പതിനെണ്ണായിരമോടൻ അല്ലേ വാങ്ങിച്ചിട്ടുള്ളത്? ഇത് മതിയാകുമോ? അങ്ങ് ഇപ്പോൾ നിർദ്ദേശിച്ചില്ലേ, പ്രൈമറി സൊസൈറ്റികൾക്ക് അത് വാങ്ങിക്കുവാൻ കഴിയുകയില്ല; കൊപ്രയാണോ വാങ്ങിക്കുന്നത്, നാളികേരമാണോ വാങ്ങിക്കുന്നതെന്ന് എനിക്കറിയില്ല. ഗവൺമെന്റിന്റെ നിർദ്ദേശം, കൊപ്ര വാങ്ങിക്കാനാണെങ്കിൽ അത് സംഭരിക്കാനുള്ള സൗകര്യം എത്ര പ്രൈമറി സൊസൈറ്റികൾക്കുണ്ട്? പ്രൈമറി സൊസൈറ്റികൾക്ക് സംഭരിക്കാനുള്ള സൗകര്യമില്ലാതെ നിങ്ങൾ എങ്ങനെ കൊപ്ര വാങ്ങിക്കും? അതിനെക്കുറിച്ച് അവഗാഢമായി ആലോചിക്കണമെന്നുള്ളതുകൊണ്ട് ആണ് ഞാൻ പറയുന്നത്. ഇത് ചർച്ച ചെയ്തിരുന്നുവെങ്കിൽ കുറേക്കൂടി വിശദമായി കാര്യങ്ങളെക്കുറിച്ച് നമുക്ക് പറയാമായിരുന്നു.

സർ, ഇന്ന് ഓലയ്ക്കാണ് നാളികേരത്തെക്കാൾ വില കൂടുതൽ. ഒരു നാളികേരത്തിനുള്ളതിനേക്കാൾ ഒരു മടൽ ഓലയ്ക്ക് കൂടുതൽ വിലയുണ്ട്. അതാണ് ഇന്നത്തെ സ്ഥിതി. നാളികേര കൃഷിക്കാരന്റെ ഇന്നത്തെ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയെന്താണ്? നമുക്ക് എങ്ങനെ പരിഹാരം കാണാൻ കഴിയും? ഞാൻ ഇത് വെറുതെ പറയുന്നതല്ല. ഈ ഒരു വസ്തുത കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണം. പ്രധാനമന്ത്രി ഇവിടെ വരുന്നതുകൊണ്ട് പറയുന്നതല്ല. അടുത്ത കാലത്തൊന്നും ഇത്രയും വിലയിടിവ് ഉണ്ടായിട്ടില്ല. ഇന്നലത്തെ പത്രത്തിൽ വന്നത് അങ്ങും വായിച്ചുകാണും. അതിനെക്കുറിച്ച് ഒരു ചർച്ച വേണ്ടേ? മുമ്പുണ്ടായിരുന്നതുപോലെ ഉയർന്ന വില വേണമെന്ന അഭിപ്രായക്കാരനല്ല ഞാൻ. വളരെ ഇൻഫ്ളേറ്റഡ് ആയിരുന്നു. വളരെ ആർട്ടിഫിഷ്യലായിട്ട് മാനുഫാക്ചറേഴ്സ് വില ഉയർത്തിക്കൊണ്ടുവന്നു. വില ഉയർത്തിക്കൊണ്ടു വന്ന്, അതിന്റെ മാനുഫാക്ചറിംഗ് ഗുഡ്സിന് വില നിശ്ചയിച്ചു. വെളിച്ചെണ്ണ കൊണ്ടുൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ വില നാളികേരത്തിന്റെ വിലയുടെ അടിസ്ഥാനത്തിൽ ഉയർത്തി. അതിനുശേഷം അവർ ബോധപൂർവ്വം വെളിച്ചെണ്ണയുടെ വില ഇടിച്ചുകൊണ്ടു വന്നു. അവർ വർദ്ധിപ്പിച്ച ഉൽപ്പന്നങ്ങളുടെ വില നിലനിർത്തുകയും ചെയ്തു. ഇതാണ് ഇന്ത്യയിലെ വ്യവസായികളും വ്യവസായ രംഗത്ത് പ്രവർത്തിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വരുന്ന അഭിപ്രായങ്ങളും വച്ചുകൊണ്ടാണ് പറയുന്നത്; ഇപ്പോഴും വെളിച്ചെണ്ണ ഇറക്കുമതിയുണ്ട്. അതില്ലായെന്ന് മുഖ്യമന്ത്രിക്ക് അഭിപ്രായമുള്ളതുപോലെ തോന്നി. പല പേരിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രത്യേക ലൈസൻസ് കൂടാതെ ഇന്നത്തെ കേന്ദ്ര ഗവൺമെന്റ് ഇറക്കുമതി നയം വച്ചുകൊണ്ട് വെളിച്ചെണ്ണ ഇറക്കുമതി നടത്തുന്നുണ്ട്. അതും നമുക്ക് ദോഷമായിരിക്കും. ഈ വക കാര്യങ്ങളും ഇനിയെങ്കിലും ആലോചിക്കണം. നമുക്ക് ഈ കാര്യങ്ങളെക്കുറിച്ച് ഈ സഭയിൽ വളരെ വിശദമായ, സമഗ്രമായ ചർച്ചയ്ക്ക് അവസരം ഉണ്ടാകണം എന്നതാണ് എനിക്ക് വീണ്ടും അപേക്ഷിക്കുവാനുള്ളത്. അങ്ങ് അതിന് തയ്യാറാകുന്നില്ല. നിർഭാഗ്യവശാൽ ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അങ്ങ് ഒരു റൂളിംഗ് നൽകി. നമുക്ക് പ്രത്യേകിച്ച് ആരോടുമുള്ള അമർഷമൊന്നുമല്ല. നാടിനോടുള്ള സ്നേഹം കൊണ്ട്, ഈ നാടിന്റെ താൽപ്പര്യം സംരക്ഷിക്കണമെന്നുള്ളതുകൊണ്ട് നമുക്ക് ഒരുമിച്ചു നിന്ന് ചർച്ച ചെയ്യുന്നുള്ള അവസരം പോലും ഗവൺമെന്റ് നൽകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

ശ്രീ. കെ. ചന്ദ്രശേഖരൻ: ഇറക്കുമതി നയവും കയറ്റുമതി നയവും നമ്മുടെ രാജ്യത്ത് വ്യത്യസ്ഥമായിട്ട് നില നിർത്താൻ സാധിച്ചില്ലായെന്നുണ്ടെങ്കിൽ സംസ്ഥാനത്തിന്റെ താൽപ്പര്യം മാത്രമല്ല ഈ രാജ്യത്തെ സമ്പദ് വ്യവസ്ഥതന്നെ തകരും. ഒരു ചെറിയ ഉദാഹരണം എടുത്തു നോക്കാം. ബ്രിട്ടനിൽ വളരെയധികം കാറുകൾ ഉണ്ടാക്കുന്നു. വളരെ വലിയ വിലയാണ്. അമേരിക്കയിലെ കാറുകളും ജപ്പാന്റെ കാറുകളുമായി സമാന്തരമായി നോക്കുകയാണെങ്കിൽ ബ്രിട്ടീഷ് കാറുകൾ മോശമാണ്. പക്ഷേ ജപ്പാന്റെ കാറുകളും അമേരിക്കയിലെ കാറുകളും ഇമ്പോർട്ട് ചെയ്യാൻ സാധിക്കാത്ത രീതിയിലുള്ള ഇമ്പാർട്ട് ഡ്യൂട്ടിയാണ്. ആ ഇമ്പോർട്ട് ഡ്യൂട്ടി നിലനിർത്തിക്കൊണ്ട് ബ്രിട്ടനിലുണ്ടാക്കുന്ന കാറുകൾ അവിടെ സംരക്ഷിക്കുകയാണ് ചെയ്യുന്നത്. അതുപോലെതന്നെ ഇവിടെ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുമാത്രമല്ല, പ്രശ്നം. വെളിച്ചെണ്ണയ്ക്ക് പകരമുള്ളതായിട്ടുള്ള പല തരത്തിലുള്ള കൃത്രിമ എണ്ണകളും യാതൊരു സംശയവും കൂടാതെ ഈ രാജ്യത്ത് വളരെയധികം

LIBRARY ARCHIVES Kerala Legislative Assembly

ഇറക്കുമതി ചെയ്യുന്നതുകൊണ്ട്, ആ എണ്ണ ഉപയോഗിച്ചുകൊണ്ട് സോപ്പ് ഉൽപ്പാദകരും മറ്റു വ്യവസായികളും അവരുടെ വ്യവസായങ്ങൾ നടത്തുന്നതുകൊണ്ട് ഈ സംസ്ഥാനത്തിൽ പ്രത്യേകിച്ച് ഉൽപ്പാദിപ്പിക്കുന്നതായിട്ടുള്ള കേര വൃക്ഷത്തിൽനിന്നും കിട്ടുന്ന നാളികേരത്തിന് വിലയിടിഞ്ഞിരിക്കുകയാണ്. അത് വ്യാസപ്പെടുകയാണെങ്കിൽ ഈ തരത്തിലുള്ള പ്രഖ്യാപനങ്ങൾ എല്ലാം പ്രചാരണത്തിനുവേണ്ടി മാത്രമേ പ്രയോജനപ്പെടുകയുള്ളൂ. ആ പ്രചാരണംകൊണ്ട് ഈ സംസ്ഥാനത്തിലെ നാളികേര കൃഷിക്കാരെ സംരക്ഷിക്കുവാൻ സാധിക്കുകയില്ല. വളരെ മാർജിനലായി മാത്രമേ അവരെ സംരക്ഷിക്കുവാൻസാധിക്കുകയുള്ളൂ. അവരെ സ്ഥായിയായി സഹായിക്കണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയം കാര്യമായി പരിശോധിച്ചുകൊണ്ട് ഈ ഗവൺമെന്റ് സമ്മർദ്ദം ചെലുത്തി വ്യത്യാസപ്പെടുത്താനായി സാധിക്കണം. ആ രംഗത്ത് ഗവൺമെന്റിന്റെ പരാജയമാണ് ഇവിടെ കാണുന്നത്. സംസ്ഥാനത്തിന്റെ പരാജയം നീക്കാൻ അടിസ്ഥാനമായിട്ടുള്ളത് ഇതിനെപ്പറ്റി ഇവിടെ ചർച്ച ചെയ്യുകയെന്നുള്ളതാണ്. അങ്ങനെ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും ഇറങ്ങിപ്പോകുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

III ശ്രദ്ധ ക്ഷണിക്കൽ

(1) മലപ്പുറം ജില്ലയിൽ പുതിയ വൈദ്യുതി കണക്ഷൻ നൽകുന്നതിലുണ്ടായിട്ടുള്ള ബുദ്ധി മുട്ടുകൾ:

ശ്രീ. കെ. പി. എ. മജീദ്: സർ, മെറിറ്റീരിയൽസിന്റെ അഭാവം നിമിത്തം മലപ്പുറം ജില്ലയിലെ വൈദ്യുത വികസന രംഗത്തുണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ച് ഈ സഭയുടേയും മന്ത്രിയുടേയും ശ്രദ്ധ ക്ഷണിക്കുകയാണ്. വൈദ്യുതിവെളിച്ചം കാണാൻ കഴിയാത്ത ഗ്രാമപ്രദേശങ്ങളുള്ള ജില്ലയാണ് മലപ്പുറം ജില്ല. വെളിച്ചത്തിനുവേണ്ടി മണ്ണെണ്ണ വിളക്കു വെച്ച് ജീവിതം നയിക്കുന്ന ജനങ്ങൾ വീട് വൈദ്യുതീകരിച്ച് കണക്ഷനുവേണ്ടി മാസങ്ങളോളം, വർഷങ്ങളോളമായി കാത്തിരിക്കുകയാണ്. ജില്ലാ വികസന സമിതിയിൽപോലും വ്യക്തമായ മറുപടി പറയാൻ കഴിയാത്ത ഉദ്യോഗസ്ഥൻമാരും അതിനിടയിൽ ഏറക്കുറെ കുറക്കാരെപ്പോലെ നിർവ്വികാരതയോടുകൂടി നോക്കിനിൽക്കുന്ന എം. എൽ. എ. മാരും ഉൾക്കൊള്ളുന്ന ഒരു ജില്ലയാണ് മലപ്പുറം ജില്ല. വൈദ്യുത വികസന രംഗത്ത് ഈ ജില്ലയെ സംബന്ധിച്ചിടത്തോളം നമ്മുടെ സംസ്ഥാനത്ത് ഏറ്റവുമധികം പ്രവൃത്തി കുടിശ്ശികയുള്ളത് മലപ്പുറം ജില്ലയിലാണ്. തിരുവനന്തപുരത്ത് ഒരാൾ ഒരു വീട് കണക്ഷനുവേണ്ടി അപേക്ഷിച്ചാൽ രണ്ടു ദിവസംകൊണ്ട് നൽകുമെങ്കിൽ മലപ്പുറം ജില്ലയിൽ അങ്ങനെയൊരു അപേക്ഷ ലഭിച്ചാൽ നാലു വർഷം കഴിഞ്ഞാൽ മാത്രമേ കണക്ഷൻ കിട്ടുകയുള്ളൂ. അത്രയും പിന്നിലാണ് മലപ്പുറം ജില്ല. ഇപ്പോൾ മലപ്പുറം ജില്ലയിലെ സെക്ഷനിൽ 15,000 കൺസ്യൂമേഴ്സാണുള്ളത്. മലപ്പുറം സെക്ഷനിൽ 1981 ഒക്ടോബർ മാസത്തിൽ സി. ഡി. അടച്ചിട്ടുള്ളവർക്കു മാത്രമാണ് കണക്ഷൻ നൽകി

10 A.M.]

[അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly